**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫീസറായ ശ്രീമതി. അമൃത. ജി.എസ്, ഇൻസ്പെക്ടർ, കേരള ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, തിരുവനന്തപുരത്തിന്റെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3214/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 20/12/2018**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin സർക്കാർ

3. 05.12.2016 തീയതിയിലെ സ.ഉ(സാധാ)നം. 3319/16/തസ്വഭവ

4. 12..01.2018 തീയതിയിലെ സ.ഉ(സാധാ)നം. 133/18/തസ്വഭവ

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.12.2018-ലെ 11334/ഇ 1/2016/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കേരള ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് ഇൻസ്പെക്ടറായ ശ്രീമതി. അമൃത. ജി. എസ്-നെ കുടുംബശ്രീ സംസ്ഥാനമിഷൻ ഓഫീസിൽ പ്രോഗ്രാം ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4) ലെ ഉത്തരവ് പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 07/12/2018 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി **07/12/2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **08.12.2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(5)** ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് ഇൻസ്പെക്ടറായ ശ്രീമതി. അമൃത. ജി. എസ്-ന്റെ കുടുംബശ്രീ സംസ്ഥാനമിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140 സി)** പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **08/12/2018** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ, കേരള ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് മുഖേന)

ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ, കേരള ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ)), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**